# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്
ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

എച്ച്.ആർ.എം.പി. നമ്പർ. 4575/11/12/2023/ TVM

പരാതിക്കാർ : സ്വമേധയാ

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 10.07.2024**

പേരൂർക്കട സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിഞ്ഞ 6 വർഷത്തിനിടെ ചികിത്സയ്ക്കായി പ്രവേശിച്ച 691 പേരെ കാണാതായതായി വിവരിച്ചുകൊണ്ട് വന്ന മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയ എടുത്ത നടപടിക്രമമാണിത്. പേരൂർക്കട സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിഞ്ഞ 6 വർഷത്തിനിടെ ചികിത്സയ്ക്കായി പ്രവേശിച്ച 691 പേരെ കാണാതായതായും, ഇവരിൽ പലരും എവിടെയാണെന്ന് ഇപ്പോഴും വ്യക്തമല്ലായെന്നും, സുരക്ഷാ ജീവനക്കാരുടെ കണ്ണു വെട്ടിച്ച് ആശുപത്രിയിൽ നിന്നും കടന്നു കളഞ്ഞവരാണ് ഭൂരിഭാഗം പേരുമെന്നും, രോഗം ഭേദമായിട്ടും കൂട്ടികൊണ്ടുപോകാൻ ബന്ധുക്കൾ എത്താത്ത പലരും കാണാതായവരുടെ പട്ടികയിലുണ്ടെന്നും, ഇവരെ കണ്ടെത്താൻ പോലീസ് കാര്യമായ അന്വേഷണം നടത്താറില്ലായെന്നും, മതിയായ സുരക്ഷാ ജീവനക്കാരുടെ അഭാവം എല്ലാ മാനസികരോഗാശുപത്രികളെയും കാര്യമായി ബാധിക്കുന്നതായും പത്ര റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം പേരൂർക്കട സർക്കാർ മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് ഒരു റിപ്പോർട്ട് സമർപ്പിച്ചു. ഈ സ്ഥാപനത്തിൽ നിന്നും കഴിഞ്ഞ 6 വർഷത്തിനിടെ കാണാതായവരുടെ ആകെ എണ്ണം 378 ആണെന്നും, ഇതിൽ 291 പേരും തിരികെ വീട്ടിലേയ്ക്ക് എത്തി ചേർന്നിട്ടുണ്ടെന്നും, ബാക്കി 87 പേരുടെ വിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നതായും, വീട്ടിൽ എത്തിച്ചേർന്നവരിൽ 204 പേർ പലപ്പോഴായി ഈ ആശുപത്രിയിൽ അഡ്മിറ്റായി ചികിത്സ തേടിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

പത്രവാർത്തയും റിപ്പോർട്ടും കമ്മീഷൻ വിശദമായി പരിശോധിച്ചു. രോഗം പൂർണ്ണമായും ഭേദപ്പെടാത്ത മാനസിക രോഗികൾ ആശുപത്രിയിൽ നിന്നും കടന്നുകളയുന്നത് ഒഴിവാക്കപ്പെടേണ്ടതുതന്നെയാണ്. രോഗികൾക്കും പൊതു സമൂഹത്തിനും അത് ദോഷകരമായി ബാധിക്കുകയും ചെയ്യും. ശക്തമായ സുരക്ഷയുടെ അഭാവമാണ് രോഗികൾ പുറത്തുപോകാൻ ഇടയാകുന്നതെന്ന കാര്യത്തിൽ സംശയമില്ല. ആയതിനാൽ ശക്തമായ സുരക്ഷാ സംവിധാനവും സിസിടിവി ക്യാമാറാ നിരീക്ഷണവും എർപ്പെടുത്തിയാൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സാധിക്കും. ഇക്കാര്യം ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്
കെ.ബൈജുനാഥ്
ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

രജിസ്ട്രാർ